# വ്യവസായങ്ങൾ നിലനിൽക്കാൻ സമീപനം മാറണം : ആർ. ശ്രീധർ

**പരിസ്ഥിതി വിദഗ്ദ്ധനും എഞ്ചിനീയറും 'തണൽ' ഇൻഫർമേഷൻ & ആക്ഷൻ നെറ്റ്‌വർക്ക് പ്രവർത്തകനുമായ ശ്രീധർ കേരളത്തിലെ വ്യവസായങ്ങളെക്കുറിച്ച്, അപകടകരമായ മാലിന്യങ്ങളെക്കുറിച്ച് കേരളീയത്തോട് സംസാരിക്കുന്നു.**

**കേട്ടെഴുതിയത് : ഷീബ അമീർ**



ആർ. ശ്രീധർ (തണൽ)

*വ്യവസായങ്ങൾ തകർക്കുന്ന സംഗതിയാണ് നടന്നുകൊണ്ടിരിക്കുന്നത് എന്നു പറഞ്ഞുവല്ലോ. കേരളത്തിൽ വ്യവസായങ്ങൾ പൂട്ടിയ്ക്കാൻ ഉത്തരവാദികൾ പരിസരവാദികൾ ആണെന്ന മട്ടിലുള്ള ഒന്നായിരുന്നു. അതിനെപ്പറ്റി?*

കേരളത്തിലെ മുഴുവൻ ചരിത്രം എടുത്തു നോക്കിയാൽ ഏത് ഫാക്ടറിയാണ് പരിസ്ഥിതി പ്രവർത്തകർ പൂട്ടിച്ചിട്ടുള്ളത്. ഏറെയും തൊഴിലാളികളും മാനേജ്മെന്റും കൂടിയ തർക്കങ്ങൾ കൊണ്ടല്ലേ ഫാക്ടറികൾ പൂട്ടിയിട്ടുള്ളത്.

*പരിസ്ഥിതി സംരക്ഷണം എന്നത് ഒരു സാമ്രാജ്യത്വ അജണ്ടയാണെന്നും, നമ്മുടെ വ്യവസായങ്ങൾ തകർക്കാനായി തയ്യാറാക്കപ്പെട്ട ഒന്നാണെന്നും കരുതുന്നുവോ?*

എന്ന് ചോദിച്ചാൽ അപക്വമായ ഒരു മറുപടിയേ കിട്ടൂ. കേരളത്തിലെ വ്യവസായിക വളർച്ചയ്ക്ക് ഏറ്റവും തടസ്സം നിന്നിട്ടുള്ളതെന്തോ അതിന്റെ തുടർച്ചയാണ് ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നത്. നാളത്തെ വ്യവസായങ്ങൾക്ക് ഏറ്റവും സാദ്ധ്യതകൾ തുറന്നുകൊടുക്കാൻ പറ്റുന്നതായിരിയ്ക്കണം പാരിസ്ഥിതിക നടപടി. ഉദാഹരണമായി കല്ല്യാശ്ശേരിയിലെ കയർ ഫാക്ടറി. ഒരുപാട് പരീക്ഷണങ്ങൾ നടത്തി വളരെ നന്നായി കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുന്നുണ്ട്. അസംസ്കൃത വസ്തുക്കൾ തുറന്ന വെള്ളത്തിലാകട്ടെ ടാങ്കിൽ ഇട്ടും ആ വെള്ളം ശുദ്ധീകരിച്ച് വീണ്ടും ഉപയോഗമാക്കിയും ഒക്കെ വളരെ നല്ല നിലയിലാണ് അവർ ചെയ്യുന്നത്. വൻകിട വ്യവസായങ്ങളാണ് ഇത്തരം ഫാക്ടറികളുടെ വളർച്ചയ്ക്ക് വിഘാതമായി നിൽക്കുന്നത്. മാറിയ സാഹചര്യത്തിൽ, ചിന്തകൾ മാറിയ കാലഘട്ടത്തിൽ ഇനി ഇവിടെ വരേണ്ട വ്യവസായങ്ങൾ എങ്ങനെയായിരിക്കണം എന്ന് തീരുമാനിച്ച് ചിലത് അടച്ചുപൂട്ടുകയും ചിലത് കൊണ്ടുവരികയും വേണം.

ഫെർട്ടിലൈസർ ഇൻഡസ്ട്രി, കെമിക്കൽ ഇൻഡസ്ട്രീസ് എന്നിങ്ങനെ കുറെ വ്യവസായങ്ങൾ അസ്തമിക്കുകയാണ്. (സൺസെറ്റ് ഇൻഡസ്ട്രീസ് ആണ്) അവർ 50 കൊല്ലം സേവനമനുഷ്ഠിച്ചു എന്നത് ശരിതന്നെ. സൺറൈസ് ഇൻഡസ്ട്രീസ് എന്നു പറയുന്ന ഫുഡ് പ്രോസസ്സിങ്ങ് (ഓർഗാനിക്) ഇൻഡസ്ട്രീസ്, ഐ.ടി., ടൂൾസ് ഇൻഡസ്ട്രീസ് ഒക്കെ ക്ലീൻ ഇൻഡസ്ട്രീസ് ആണ്. അതൊക്കെ ഗവൺമെന്റ് താങ്ങുകൊടുക്കുന്നതാണ്. ഫുഡ് പ്രോസസ്സിങ്ങ് ഇൻഡസ്ട്രി നടത്തുന്ന ഒരാൾ 5 കൊല്ലം കൊണ്ട് പൂർണ്ണമായും ജൈവ ഭക്ഷ്യോത്പാദന വ്യവസായമാക്കി മാറ്റാൻ ആഗ്രഹിക്കുന്നതിനെക്കുറിച്ച് പറയുകയുണ്ടായി. പക്ഷേ ഏലൂർ വ്യവസായ മേഖലയിൽ അത്തരമൊരു വ്യവസായത്തിന്റെ വളർച്ചയ്ക്ക് വിഘാതമായ തരത്തിൽ മലിനീകരണം സംഭവിച്ചിട്ടുണ്ട് എന്നാണ് അയാൾ പറയുന്നത്.

*എന്താണ് വ്യവസായ മലിനീകരണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി. സുപ്രീം കോടതി "അപകടകരമായ" എന്ന് പറയുന്നത് ശരിയാണോ ?*

കേരളത്തിൽ ഇപ്പോൾ ക്ലീൻ ഇൻഡസ്ട്രീസ് ഉണ്ടാകണം, വ്യവസായങ്ങൾ എന്തായിരിക്കണം എന്നതിനെക്കുറിച്ച് ചർച്ച നടക്കുന്നതിന്റെ പശ്ചാത്തലത്തിൽ നോക്കിയാൽ മൂന്നുതരം വ്യവസായങ്ങൾ ഇപ്പോഴിവിടെ ഉണ്ട്. മലിനീകരണം ഉണ്ടാക്കാത്ത വ്യവസായങ്ങളാണ് അതിൽ ഒരുതരം. അത് ഫിസിക്കൽ ഇഫർട്ട് എടുക്കുന്ന വ്യവസായങ്ങൾ ആയിരിക്കാം. (ഇലക്ട്രോണിക് അല്ലെങ്കിൽ മെഷിനറീസ് അങ്ങനെ പലതും)

പിന്നെ മറ്റൊരു തരത്തിലുള്ളത് ഏതെന്നാൽ പ്രവർത്തന രീതിയിൽ ചെറിയൊരു മാറ്റം വരുത്തിയാലോ, ഉത്പാദനത്തിന്റെ ചെറിയ ഒരു മാറ്റംകൊണ്ടോ, അതുമല്ലെങ്കിൽ ഒരു സാങ്കേതിക വിദ്യയിൽ പുതിയ എന്തെങ്കിലും ചേർത്താൽ കൂടുതൽ മലിനപ്പെടുത്താത്ത രീതിയിൽ പ്രവർത്തിപ്പിക്കാൻ പറ്റുന്ന വ്യവസായങ്ങൾ.

മൂന്നാമത്തെ തരം അശേഷം സാദ്ധ്യതകൾ ഇല്ലാത്ത അവസ്ഥയിലുള്ള വ്യവസായങ്ങളാണ്. അതിനകത്ത് മലിനപ്പെടുത്താത്ത ഒരു സാങ്കേതിക വിദ്യ കൊണ്ടുവരാൻ സാദ്ധ്യതയില്ല. കാരണം അവിടെ ഉൽപ്പന്നം തന്നെ അപകടകരമായ വസ്തുവാണ്.

ഉദാഹരണം - ഏലൂർ വ്യവസായ മേഖലയിലെ കീടനാശിനി ഫാക്ടറികളും രാസവള നിർമ്മാണ ഫാക്ടറികളും. അവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന സാധനങ്ങൾ അണുപ്രസരമുണ്ടാക്കുന്നതാണെങ്കിൽ അവിടത്തെ ഉൽപ്പന്നവും പ്രശ്നമുണ്ടാക്കുന്നതാണ്. അത്തരം വ്യവസായങ്ങൾക്ക് എന്താണ് ഭാവി എന്നു തീരുമാനിക്കേണ്ട കാലം ഇതാണ്. സുപ്രീം കോടതി മോണിറ്ററിങ്ങ് കമ്മറ്റിയുടെ ഇടപെടലിനെ ഞാനങ്ങിനെയാണ് കാണുന്നത്. ഏലൂർ - എടയാർ വ്യവസായ മേഖലയിൽ വിരലിലെണ്ണാവുന്ന ഫാക്ടറികൾ മാത്രമാണ് ചീത്തപ്പേരുണ്ടാക്കുന്നത്.

*അത് ഏതൊക്കെയാണെന്ന് പറയാമോ ?*

എഫ്.എ.സി.ടി., എച്ച്.ഐ.എൽ., ബിനാനി സിങ്ക്, സി.എം.ആർ.എൽ., മെർക്കം ഇതൊക്കെയാണ് ഇപ്പോൾ മലിനപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. ഇവർക്കൊക്കെ മാറാൻ

സാധിക്കും.

മെർക്കം ക്രിമിനലായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന വ്യവസായമാണ്. സുട്ക്കിമി, കൊച്ചിൻ ലെതർ, കെന്നഡി ലെതർ, ഐ.ആർ.എ ഇതെല്ലാം പ്രബലരാണ്. ഇങ്ങനെ എണ്ണി 18 എണ്ണം. ഈ പ്രബലരിൽ തന്നെ എച്ച്.ഐ.എൽ., ബിനാനി സിങ്ക്, എഫ്.എ.സി.ടി., മെർക്കം എന്നതിനെയൊക്കെ മാറ്റി നിർത്തിയാൽ, മറ്റുള്ളവയൊക്കെ സാങ്കേതികതയിൽ മാറ്റം വരുത്തിയാൽ അല്ലെങ്കിൽ പ്രവർത്തനരീതിയിൽ മാറ്റം വരുത്തിയാൽ മലിനപ്പെടുത്താതിരിക്കാൻ കഴിയുന്നതാണ്.

മെർക്കത്തിന്റേയും എച്ച്.ഐ.എല്ലിന്റെയും ഉൽപ്പന്നം തന്നെ അപകടകരമായ കലർപ്പുള്ളതാണ്.

എഫ്.എ.സി.ടി. ഉൽപ്പാദിപ്പിക്കുന്നത് രാസവളമാണ്. അവർക്ക് വേണമെങ്കിൽ അടുത്ത ഘട്ടത്തിൽ ഉൽപാദനം രാസവളത്തിൽനിന്ന് ജൈവവളത്തിലേക്ക് മാറാവുന്നതാണ്. കീടനാശിനികൾ നിർമ്മിക്കുന്ന ഫാക്ടറികളിൽ ഇതേ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചു തന്നെ തുടരണം എന്നുവച്ചാൽ നടക്കില്ല.

*എന്ത് നടപടിയെടുക്കാൻ സാധിക്കും ?*

ഇത്തരം ഫാക്ടറികൾ എല്ലാം വളരെ പഴയതാണ്. എച്ച്.ഐ.എല്ലിൽ പോയിക്കഴിഞ്ഞാൽ മനസ്സിലാകും. പഴകി ദ്രവിച്ച് തുരുമ്പിച്ച് അവിടവിടെ ചോർച്ചയും ഒക്കെയായ രൂപത്തിലാണ്. അവിടെ ഒരു ഓഡിറ്റിങ്ങ് നടത്തിക്കഴിഞ്ഞാൽ ഉടൻ ഫാക്ടറി അടച്ചുപൂട്ടാൻ പറയും. അല്ലെങ്കിൽ 50 കോടി രൂപയെങ്കിലും ചിലവാക്കി മെച്ചപ്പെടുത്തേണ്ടിവരും. ഒരു തരത്തിലുള്ള പരിസ്ഥിതി മുൻകരുതലും എടുക്കാത്ത ഫാക്ടറികളുണ്ട്. ആവശ്യത്തിൽ കൂടുതൽ താക്കീത് കിട്ടിയിട്ടും ഓടിച്ചുകൊണ്ടിരിക്കുന്ന ഫാക്ടറിയാണ് മെർക്കം. 97 തൊട്ട് ലൈസൻസ് ഇല്ലാതെ ഓടിച്ചുകൊണ്ടിരിക്കയാണ്. പഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ ഓംബുട്സ്മാന്റെ കേസ് കൊടുക്കുമ്പോഴേക്കും ഹൈക്കോടതി ഇടപെട്ട് സ്റ്റേ വരുത്തിയാൽ മതിയല്ലോ. പിന്നെ ആ സ്റ്റേ നീക്കാൻ പഞ്ചായത്ത് ബോഡി പ്രത്യേകം താൽപര്യം എടുത്താലേ സാധിക്കൂ. പ്രത്യേകം താൽപര്യമെടുത്ത് പ്ലാച്ചിമടയിലൊക്കെ പിന്നേയും പിന്നേയും ഫോളോഅപ് ചെയ്യുന്നപോലെ.

കൂടാതെ ഇത്തരത്തിലൊരു ഫാക്ടറിക്ക് ഒരു ഭാവി ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നില്ല. കാരണം അവർ മലിനീകരണമില്ലാതെ നിർമ്മാണം നടത്തിയാലും, ഉൽപ്പന്നം ഏതെങ്കിലും പാടത്ത് പ്രയോഗിച്ച് പാടം നശിപ്പിക്കും. അതും മനുഷ്യശരീരത്തെ ഡി.ഡി.റ്റി. കൊണ്ട് മലിനപ്പെടുത്തുക തന്നെയാണ് ചെയ്യുന്നത്.

*നിയമപരമായി എന്ത് ചെയ്യാൻ കഴിയും ?*


80 കളിൽ കാലത്ത് അന്താരാഷ്ട്ര തലത്തിൽ തുടങ്ങിയ ഒരു പ്രവർത്തനം ഉണ്ട്. 1992-ലെ റിയോഡി ജിനീറോ തൊട്ടു തുടങ്ങി, കുറച്ചുകൂടി കാര്യക്ഷമമായി ഇത്തരത്തിൽ വ്യവസായവൽക്കരണത്തിൽ കെമിക്കൽ ഹസാർഡ്സ് എന്താണ് എന്നും, കെമിക്കൽ സേഫ് ആയ ലോകം സാദ്ധ്യമാണോ എന്നും ആണെങ്കിൽ ഏതൊക്കെ കെമിക്കലിനെ ശ്രദ്ധിക്കണം എന്നുമൊക്കെയുള്ള ആലോചനകളാണത്. അങ്ങനെയാണ് ഓമ്നി പൊട്ടന്റ്സിനെ ലക്ഷ്യം വയ്ക്കാൻ തുടങ്ങിയത്. ഓമ്നി പൊട്ടന്റ്സ്, ടോക്സിക് പൊട്ടന്റ്സ് തുടങ്ങി കുറേക്കൂടി വ്യാപകമായ കെമിക്കൽസിനേയും ലക്ഷ്യമിട്ടിട്ടുണ്ട്. രാസവിമുക്തമാക്കുക എന്നതാണ് പരിപൂർണ്ണമായി ചെയ്യേണ്ടത്. കുറച്ചുകാലം കഴിയുമ്പോഴേക്കും അതിലേക്ക് വന്നുനിൽക്കും. സുപ്രീം കോടതിയുടെ ഇടപെടലിനെ അതിന്റെ ഭാഗമായിട്ടാണ് കാണേണ്ടത്. ഒരു വ്യവസായത്തിന്റെ ഹസാർഡസ് നാച്ചറിനെ നിയന്ത്രിക്കാനോ, കുറയ്ക്കാനോ വളരെ കുറച്ച് നടപടികൾ മാത്രമേ നമ്മൾ എടുത്തിട്ടുള്ളൂ എന്നതിന്റെ ഒരു പാർശ്വഫലമാണ് സുപ്രീം കോടതി നേരിട്ട് ഇടപെട്ടിട്ടും അത് നടന്നില്ല എന്നു വരുന്നത്.

89-ൽ Hazardous Waste Handling and Management Rules ഉണ്ടായിട്ടുണ്ട്. 95-ൽ കേസ് പുതുക്കുമ്പോൾ 6 കൊല്ലം കൊണ്ട് അധികാരം കൊടുക്കുകയും എടുക്കുകയും അല്ലാതെ ഒന്നും ചെയ്തിട്ടില്ല എന്ന് മനസ്സിലായി. സുപ്രീം കോടതി ഇതിനെ കാര്യമായി എടുക്കുകയും 2003 ആകുമ്പോഴേയ്ക്കും അത് വിധിയായി വരികയും ചെയ്തു. ആ വിധിയിൽ തന്നെ ഒരുപാട് വകുപ്പുകൾ ഉണ്ട്. 6 മാസവും, 3 മാസവും കൊണ്ടൊക്കെ നടപ്പാക്കേണ്ടവ. ഈ വിധിയൊക്കെ പൊല്യൂഷൻ കൺട്രോൾ ബോർഡിന് എത്തിച്ചു കൊടുത്തെങ്കിലും വെറുതെ ഇരിയ്ക്കയാണ്. സുപ്രീം കോടതി മോണിറ്ററിങ്ങ് കമ്മിറ്റിയുണ്ടാക്കിയതാണ് പ്രശംസനീയമായ ഒരു കാര്യം. ഈ കമ്മറ്റി മേൽനോട്ടം വഹിയ്ക്കണം എന്നും, നടപ്പാക്കണം എന്നും ആണ് നിയമം. അതിലും വകുപ്പുകൾ ഉണ്ട്. അവിടത്തെ സ്ഥലവാസികൾ കമ്മറ്റിയിൽ ഭാഗമായി മേൽനോട്ടം വഹിയ്ക്കണം എന്നതിന്റെ ഭാഗമായി ലോക്കൽ എൻവയോൺമെന്റ് കമ്മറ്റി ഉണ്ടായി. അങ്ങനെയാണ് ഏലൂർ എടയാറിൽ അത്തരം കമ്മറ്റി ഉണ്ടായത്. അതുകൊണ്ടുള്ള ഗുണമെന്തെന്നാൽ ഏറ്റവും താഴെക്കിടയിൽ കിടന്ന് സമരമുണ്ടാക്കിയ (ഈ മലിനീകരണത്തിന്റെ പ്രശ്നങ്ങൾ ബാധിച്ച) കുറെ ആളുകൾ കമ്മറ്റിയിൽ വന്നു എന്നതാണ്. അതുപോലെ തന്നെ ചെറുകിട വ്യവസായത്തിന്റെ ആളുകളും അല്ലാത്തവരും കമ്മറ്റിയിൽ വന്നു. അപ്പോൾ തന്നെ അതിന്റെ സ്വഭാവം മാറി. കാര്യമായി എന്തെങ്കിലും ചെയ്യാൻ സാധിക്കുന്ന അവസ്ഥയിൽ എത്തി.

*പിന്നെ നടപ്പാക്കാനുള്ള ബുദ്ധിമുട്ട് എന്താണ് ?*

ഇപ്പോൾ എൽ.എ.ഇ.സി. (ലോക്കൽ ഏരിയാ എൻവിറോൺമെന്റ് കമ്മറ്റി) അഭിമുഖീകരിക്കുന്ന പ്രശ്നം വളരെ വിചിത്രമാണ്. സുപ്രീം കോടതിയുടെ പിന്തുണ ഈ മോണിറ്ററിങ്ങ് കമ്മറ്റിയിലൂടെ കിട്ടിയിട്ടുണ്ട്. അതവർക്ക് നടപ്പാക്കാനുള്ള അധികാരവും കൊടുത്തിട്ടുണ്ട്. ഇതിനെക്കുറിച്ചൊക്കെ നല്ലപോലെ അറിയാവുന്ന ഒരാളെ ചെയർമാനായി ഇരുത്തിയിട്ടും ഉണ്ട്. പക്ഷേ മറ്റ് രണ്ട് വിഭാഗത്തിൽ നിന്നുള്ള പിന്തുണ തീരെ കിട്ടുന്നില്ല. മാനേജ്മെന്റിന്റെ ശ്രദ്ധയിലേ ഇതൊന്നും ഇല്ല. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അധികൃതരികളും ഇതിനെക്കുറിച്ച് ആലോചിക്കുന്നില്ല. അഞ്ചാറുമാസം കഴിയുമ്പോൾ ഇതൊക്കെ തേഞ്ഞുമാഞ്ഞു പോകുമെന്നും, അത് കഴിഞ്ഞാൽ നമുക്ക് വീണ്ടും മലിനപ്പെടുത്താം എന്നുമുള്ള മനോഭാവത്തിലാണ് അവർ കാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഈ മനോഭാവം പഴയതുപോലെ തുടർന്നുകൊണ്ടുപോയാൽ ദോഷം സംഭവിക്കുന്നത് ഇവിടത്തെ വ്യവസായത്തെയായിരിക്കും. ഈ അവസ്ഥയിൽ കേരളത്തിൽ ഒരു വ്യവസായത്തിനും വരാൻ പറ്റില്ല കാരണം വരുന്ന പാടേ അത് മലിനീകരണം

ഉണ്ടാക്കും എന്ന് ജനം പറയുമെന്ന തോന്നൽ നിലനിൽക്കും. വ്യവസായവൽക്കരണം എങ്ങനെ വേണം, വേണ്ട എന്ന് നമ്മൾ നിർവ്വചിക്കേണ്ടതുണ്ട്. അതിനൊപ്പം ഇങ്ങനെ ഒരു സാധനം കൂടി വരുമ്പോൾ ഉള്ള വ്യവസായങ്ങൾ പൂട്ടിപ്പോകാൻ മാത്രമേ അധികാരികളുടേയും, മാനേജ്മെന്റിന്റേയും ഈ നിലപാടുകൊണ്ട് സഹായകമാകൂ എന്നാണ് എനിയ്ക്കു തോന്നുന്നത്.




*ഏറ്റവും അപകടകാരികളായ എച്ച്.ഐ.എൽ., മെർക്കം അവരുടെ മാനേജ്മെന്റിന്റെ നയം ?*

ഒരു വ്യവസായത്തിന് ഇൻഡസ്ട്രിയൽ മാനേജമെന്റ് എന്ന ഒരു രീതിയുണ്ട്. ഒരു വ്യവസായത്തിന്റെ കാര്യങ്ങളെക്കുറിച്ച് നല്ല അവബോധത്തോടെ, അസംസ്കൃതവസ്തുക്കൾ എങ്ങനെ പെരുമാറും എന്നതിനെക്കുറിച്ചൊക്കെ ഉള്ള ഒരു ധാരണയോടെ ആണ് ഈ മാനേജ്മെന്റ് പ്രവർത്തിക്കേണ്ടത്.

എൻഡോസൾഫാൻ പ്ലാന്റിന്റെ പൊട്ടിത്തെറിയെ സംബന്ധിച്ച് രണ്ട് പഠനങ്ങൾ ഉണ്ടായി. അവർ പറയുന്നത് കേരളത്തിൽ വിൽപന മാത്രമേ നിരോധിച്ചിട്ടുള്ളൂ. ഉൽപാദനം നിരോധിച്ചിട്ടില്ല എന്നാണ്. വ്യവസായ മന്ത്രി തന്നെയാണത് പറഞ്ഞത്. മാത്രവുമല്ല 120 രാജ്യങ്ങൾ അത് വാങ്ങുന്നുണ്ടെന്നും. ഒരു മര്യാദ വേണ്ടേ ഇതു പറയുന്നതിന്. എവിടേയ്ക്കാണ് ഇത് പോകുന്നത് എന്നറിയില്ല. 120 രാജ്യങ്ങളൊന്നും വാങ്ങുന്നില്ല. 70 രാജ്യങ്ങളിലോ മറ്റോ മാത്രമാണ് ഇത് വാങ്ങാൻ രജിസ്റ്റർ പോലും ചെയ്തിട്ടുള്ളൂ.

പ്ലാന്റ് മുഴുവൻ പൊട്ടിത്തെറിച്ച് കത്തിപ്പോയി, ഒന്നും അവശേഷിക്കാതെ അതിനടുത്ത ദിവസം നമുക്കൊരു ഫാക്ട് ഫൈൻഡിങ്ങ് നടത്താൻ സാധിച്ചു. രണ്ടാഴ്ചകൊണ്ട് റിപ്പോർട്ടും പ്രസിദ്ധീകരിച്ചു. അതിനകത്ത് കടന്ന് കാര്യങ്ങൾ പഠിയ്ക്കാൻ സാധിച്ചു. അതിനകത്ത് നിയമം ലംഘിക്കാത്ത ഒരു സ്ഥലം പോലും, കാര്യം പോലും ഉണ്ടായിരുന്നില്ല. ഒരു വ്യവസായ നടത്തിപ്പിന്റെ ഏറ്റവും അടിസ്ഥാനമായ കാര്യങ്ങൾ പോലും അവർക്കറിയുന്നില്ലായിരുന്നു. മാനേജിങ്ങ് തലത്തിലുണ്ടായിരുന്നവർ മുഴുവനും ഒരു വ്യവസായം അപകടകരമാം സാദ്ധ്യതയുള്ളതാണെങ്കിൽ എങ്ങനെ കൈകാര്യം ചെയ്യണം പ്രശ്നമില്ലാതെ ഓടിയ്ക്കണം എന്നൊരു ധാരണ പോലുമില്ലാത്തവരാണ്. എന്റോസൾഫാൻ ഒരു പ്രശ്നമുള്ള സാധനമല്ലാ അതൊക്കെ സുരക്ഷിതമായി കൈകാര്യം ചെയ്താൽ കുഴപ്പമില്ല എന്ന ഒരു വാദം കേൾക്കാൻ തയ്യാറായാണ് നമ്മൾ പോയത്. അവിടെ കേട്ടത് അതല്ല. അവർക്ക് ഇത് അപകടസാദ്ധ്യതയുള്ളതാണെന്നുപോലും അറിയില്ല. emergency preparedness plan ഉണ്ടോ എന്ന് ചോദിച്ചപ്പോൾ on-site plan, off-site plan എന്ന സാധനം ആവശ്യമാണെന്നുപോലും അറിയില്ല. ജനറൽ മാനേജർക്കുപോലും അറിയില്ല. ലോകത്തിൽ എന്തൊക്കെ മാറ്റങ്ങൾ സംഭവിയ്ക്കുന്നു എന്ന് പോലും അറിയില്ല. എച്ച്.ഐ.എല്ലിനെക്കുറിച്ച് അതിശയിക്കാനില്ല എന്ന് ഞാൻ പറയുമ്പോൾ ഒരു കാര്യം കൂടിയുണ്ട്. യുണൈറ്റഡ് നാഷൻസിന്റെ ഡി.ഡി.റ്റി. നിരോധനത്തെക്കുറിച്ച് ഒരു ചർച്ച ഡൽഹിയിൽ വച്ച് നടക്കുമ്പോൾ എച്ച്.ഐ.എല്ലിനെക്കുറിച്ച് ഞാൻ എണീറ്റ് നിന്ന് ആ മേഖല ഏറ്റവും വ്യവസായ മലിനീകരണം സംഭവിച്ച മേഖലയായത് ഈയൊരൊറ്റ ഫാക്ടറി കാരണമാണെന്ന് പറഞ്ഞപ്പോൾ എച്ച്.ഐ.എല്ലിന്റെ ജനറൽ മാനേജർ ലെവലിലുള്ള ഒരാൾ പ്രതികരിച്ചത് അത് പച്ചക്കള്ളമാണെന്നാണ്. മാദ്ധ്യമങ്ങളുടെ സൃഷ്ടിയാണെന്നും, ഒരിക്കലും ഡി.ഡി.റ്റി. ഒരു വിഷവസ്തുവല്ലെന്നും അവിടത്തെ തൊഴിലാളികൾ ഡി.ഡി.റ്റി. കുന്നിന്റെ മുകളിലിരുന്നാണ് ചപ്പാത്തി തിന്നുന്നതെന്നുമാണ്. ആരുടെയൊക്കെ മുന്നിലാണ് ഇത് പറഞ്ഞതെന്ന് ഓർത്താൽ നമ്മൾ നാണംകെടും.

*ഏലൂർ മേഖലയെക്കുറിച്ച് ഗ്രീൻപീസിന്റെ പഠനം, തണലിന്റെ പഠനം, പ്രാദേശിക സമിതിയുടെ പഠനം അവയെക്കുറിച്ച് പറയാമോ ?*

പൊതുജനങ്ങളെ അറിയിക്കുന്ന നിലയിൽ ആദ്യം നടത്തിയ പഠനം വി.ടി. പത്മനാഭൻ നടത്തിയതാണ്. രണ്ടാമത് നടത്തിയത് ആലുവ യു.സി. കോളേജാണ്. 80–85% ആളുകൾക്കും ആസ്തമ രോഗമുണ്ടെന്നും, കാൻസർ ഇവിടെ വ്യാപകമാണെന്നും ഒക്കെ അവരുടെ റിപ്പോർട്ടിൽ ഉണ്ടായിരുന്നു.

1999-ൽ ഏഷ്യ ടോക്സിക് സ്റ്റഡിസിന്റെ ഭാഗമായി ഗ്രീൻപീസ് ഇന്ത്യയിലെ പ്രവർത്തകർ എല്ലാവരും കൂടി ചെന്ന് പഠനം നടത്തി. എച്ച്.ഐ.എൽ., ഡി.ഡി.റ്റി ഫാക്ടറി ആയതുകൊണ്ട് ചുറ്റുപാടിൽ കുഴിക്കണ്ടം തോടിന്റെ പരിസരങ്ങളിലൊക്കെ വളരെയേറെ വിഷമലിനീകരണം ഉണ്ടെന്നതിന്റെ അറിവിന്റെ പുറത്ത് അവിടുന്ന് സാമ്പിൾ ശേഖരിച്ച് പഠനം നടത്തി. ആ റിപ്പോർട്ട് ആണ് ഇന്ന് ആധികാരികമായിട്ടുള്ള റിപ്പോർട്ട്.

അത് കഴിഞ്ഞ ഉടനെ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ഒരു ഉദ്യോഗസ്ഥന്റെ കയ്യിൽ റിപ്പോർട്ട് കൊടുത്ത് ചോദിച്ചു. (എച്ച്.ഐ.എല്ലിന്റെ ജി.എമ്മും ഉണ്ടായിരുന്നു) അവർ പറഞ്ഞത് ഈ റിപ്പോർട്ട് തെറ്റാണെന്നും പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ എല്ലാ നിബന്ധനകളും പാലിച്ചുകൊണ്ടാണ് ചെയ്യുന്നതെന്നുമാണ്. പി.സി.ബി. ഞങ്ങളോട് പറഞ്ഞത് നിങ്ങൾ കണ്ടുപിടിച്ച കെമിക്കലൊക്കെ ഞങ്ങളും കുറെ കാലമായി കണ്ടുപിടിച്ചിട്ടുണ്ട് എന്നും, അത് റിലീസ് ചെയ്യാനുള്ള വകുപ്പ് അവർക്കില്ല എന്നുമാണ്. മലിനീകരണമുണ്ടെന്നറിഞ്ഞും നിങ്ങൾ അനുവാദം കൊടുത്തതെന്തിനാണെന്ന് ചോദിച്ചപ്പോൾ പൊതുമേഖലാ സ്ഥാപനമായതിനാൽ കൊടുത്തല്ലേ പറ്റൂ എന്നുമാണ്.

അങ്ങനെയാണെങ്കിൽ നിയമം വേണ്ട എന്നു വയ്ക്കണം. അതായത് പൊതുമേഖലാ സ്ഥാപനങ്ങൾ 1000 പേർക്ക് തൊഴിൽ കൊടുക്കുന്നതിനാൽ 2000 ആളുകൾക്ക് ഇതിന്റെ പ്രശ്നങ്ങൾ ബാധിക്കാമെന്നും അവർക്ക് മറ്റ് നിയമങ്ങൾ ബാധകമല്ല എന്നും നിയമം കൊണ്ടുവരണം.

"ഗ്രീൻപീസ്" കപ്പലിലെ പ്രവർത്തകർ വന്നതിനുശേഷമാണ് 35-ാമത്തെ ടോക്സിക് ഹോട്ട് സ്പോട്ട് ആയി ഏലൂ

രിനെ പ്രഖ്യാപിച്ചത്. അതിനുശേഷമാണ് ചിന്നഭിന്നമായി കിടന്നിരുന്ന സമരങ്ങൾ എല്ലാം ചേർന്ന് സമരത്തിനിറങ്ങിയത്. നമ്മളും വളരെ ഗുരുതരമായി ഏലൂരിൽ പ്രവർത്തിയ്ക്കാൻ തുടങ്ങിയതും അതിനുശേഷമാണ്, 1999 തൊട്ടാണത്.

*എച്ച്.ഐ.എൽ.നെക്കുറിച്ച്?*

അവിടെ മാലിന്യങ്ങൾ ഒക്കെ വലിച്ചുവാരി തട്ടിയിരിക്കയാണ്. എസ്.സി.എം.സി. ഇടപെട്ട് എല്ലാം വൃത്തിയാക്കാൻ പറഞ്ഞപ്പോഴാണ് ജനറൽ മാനേജരും തൊട്ടുതാഴെയുള്ളവരും ഈ സ്ഥലം കാണുന്നത്. "ഓ... ഇങ്ങിനെയായിരുന്നോ" എന്നവർ അവിടെനിന്ന് ചോദിയ്ക്കുകയാണ്. കണ്ടുനിൽക്കുന്നവർക്ക് തോന്നും നാടകം അഭിനയിക്കുകയാണെന്ന്. പക്ഷേ സത്യത്തിൽ താഴെക്കിടയിലുള്ള ഒരു മാനേജർ സംഗതി കണ്ടിരുന്നുവെന്നും, മുകളിലുള്ളവർ അപ്പോഴാണ് കണ്ടത് എന്നും നമുക്ക് മനസ്സിലാക്കാൻ സാധിച്ചു. ഇതാണ് കേരളത്തിന്റെ അവസ്ഥ. വലിച്ചെറിയപ്പെടുന്ന ഒരു സാധനം കാണേണ്ട കാര്യമില്ല എന്ന മനോഭാവമാണ് ഏവർക്കുമുള്ളത്.

എച്ച്.ഐ.എൽ. ഫാക്ടറിയിൽ എൻഡോസൾഫാൻ പ്ലാന്റ് പൊട്ടിത്തെറിച്ചപ്പോൾ കുറേ സംഭവങ്ങൾ ഉണ്ടായി. എന്നിട്ടും അവർക്ക് ഒന്നും മനസ്സിലായിട്ടില്ല. ആ ഫാക്ടറി രജിസ്റ്റർ ചെയ്തിരിക്കുന്നത് അപകടകരമായ മാലിന്യ ചട്ടങ്ങൾ അനുസരിച്ചാണെങ്കിലും മാലിന്യങ്ങളെ അപകടകരമായി അംഗീകരിക്കാൻ തയ്യാറല്ലാത്ത മനോഭാവമാണ് ജി. എം. തൊട്ട് താഴോട്ട്.

ആളുകൾ മുഴുവൻ പ്രശ്നബാധിതരാണെന്ന് രേഖാമൂലം തെളിവ് കാണിച്ചിട്ടും അവർ നിഷേധിക്കുകയാണ്. മാലിന്യങ്ങൾ തട്ടിയിരിക്കുന്നത് മൂന്നു മതിലുമാത്രം ഉള്ള ഒരു സ്ഥലത്താണ്. അതിന് മേൽക്കൂര പോലും ഇല്ല. എസ്.സി. എം.സി. വന്നപ്പോഴേയ്ക്കും അതിന് മുകളിലൂടെ ഒരു ടാർപോളിൻ ഷീറ്റ് വലിച്ചുകെട്ടി. അപകടകരമായ മാലിന്യങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് അശേഷം അറിഞ്ഞുകൂടാത്ത ഒരു മാനേജ്മെന്റിന്റെ കയ്യിലാണ് എച്ച്.ഐ. എൽ. ഫാക്ടറി എന്നതാണ് പ്രശ്നം. എച്ച്.ഐ.എൽ. പോലൊരു ഫാക്ടറി കേരളത്തിൽ വേണമോ വേണ്ടയോ എന്നത് അന്താരാഷ്ട്ര തലത്തിലും, ദേശീയ തലത്തിലും ചർച്ച നടക്കുന്നുണ്ട്. കേരളത്തിലെ ഏറ്റവും അപകടകരമായ ഫാക്ടറി ഏതാണെന്ന് ചോദിച്ചാൽ അത് എച്ച.ഐ. എൽ. ആണെന്നതിൽ ഒരു സംശയവുമില്ല.

*അതിനെക്കുറിച്ച് ഒന്നുകൂടി വിശദമായി പറഞ്ഞാൽ ?*

കൂടുതൽ അപകടകരമായത്.

1. ഇന്ന് ലോകത്ത് കണ്ടെത്തിയിട്ടുള്ള ഏറ്റവും മാരകമായ വർഗ്ഗത്തിൽ പെട്ട കെമിക്കൽസിൽ ഒന്നാണ് ഡി.ഡി. റ്റി., എൻഡോസൾഫാൻ, ഡൈകോഫോൾ എന്നൊക്കെ പറയുന്നത്. ഇതെല്ലാം പെർസിസ്റ്റന്റ് ഓർഗാനിക് പൊളൂറ്റന്റ് എന്ന വർഗ്ഗത്തിൽ വരുന്നതാണ്.

2. വികസിത രാജ്യങ്ങളും, സമൂഹത്തിന്റെ ആരോഗ്യത്തെക്കുറിച്ച് ചിന്തിക്കുന്ന വികസ്വര രാജ്യങ്ങളും (നമ്മുടെ നാട് ഒട്ടും അതിനെക്കുറിച്ച് ബോധവാന്മാരല്ല) ഈ രാസവസ്തുവിനെ കീടനാശിനി ഉപയോഗത്തിൽ നിന്നും മാറ്റിക്കഴിഞ്ഞു.

ഉദാഹരണം - ഇന്തോനേഷ്യ, ശ്രീലങ്ക തുടങ്ങിയ തെക്ക് ഏഷ്യൻ രാജ്യങ്ങളുടെ കണക്കെടുത്താൽ പകുതിയിലധികവും രാജ്യങ്ങൾ ഈ കെമിക്കൽസ് ഉപയോഗിക്കുന്നില്ല. അങ്ങനത്തെ ഒരു കെമിക്കൽ നിർമ്മിക്കുന്ന ഒരു പഴയ ഫാക്ടറി (50 വർഷത്തെ പഴക്കമുള്ള, ഒരു നവീകരണവും ചെയ്തിട്ടില്ലാത്ത) അതിന്റെ മാനേജ്മെന്റിന് ഓൺസൈറ്റ്, ഓഫ്സൈറ്റ് പ്ലാൻ വേണമെന്ന് അറിയില്ലാത്തത്രയും മോശമായ അവസ്ഥ. ഓഫ്സൈറ്റ് പ്ലാൻ എന്നാൽ എന്തെങ്കിലും പ്രശ്നം സംഭവിച്ചാൽ നാട്ടുകാർ, പോലീസ് സ്റ്റേഷൻ, കളക്ടർ അവിടെയൊക്കെ ബന്ധപ്പെടുന്ന ഒരു മൊത്തമായ സംവിധാനമാണ്. അതുപോലെ ഓൺസൈറ്റ് പ്ലാൻ എന്നാൽ ഒരു തീപ്പൊരി വീണാൽ 10 സെക്കന്റിൽ, 50 സെക്കന്റിൽ, അടുത്ത ഒരു മിനിട്ടിൽ, 3 മിനിട്ടിൽ, അടുത്ത 5 മിനിട്ടിൽ എന്തു ചെയ്യും എന്ന കൃത്യമായ ഒരു പ്ലാൻ ഉണ്ടാകും. അത് ഓട്ടോമാറ്റിക് ആകാം. സെമി ഓട്ടോമാറ്റിക് ആകാം. പൂർണ്ണമായും മാനുവൽ ആകാം.

അവിടത്തെ സ്ഥിതിയെന്തെന്നാൽ ഒരു അഭിമുഖത്തിൽ ജനറൽ മാനേജർ പറഞ്ഞത് ഓഫ്സൈറ്റ് പ്ലാൻ കളക്ടർക്ക് ഉണ്ടാകും എന്നാണ്. എച്ച്.ഐ.എൽ. പ്രത്യേകിച്ച് ഒരു പ്ലാൻ ആവശ്യമില്ല കൊച്ചിയ്ക്കുള്ള പ്ലാൻ തന്നെയാണ് എച്ച്.ഐ. എല്ലിനും എന്നുമാണ്. എസ്.സി.എം.സി. വന്നപ്പോഴേക്കും ഇതൊക്കെ വേണമെന്ന് മനസ്സിലായി. അവർ ചോദിച്ച ഉടനെ ഒരു പ്ലാൻ എടുത്ത് കയ്യിൽ കൊടുത്തു. പഴയ ഫോട്ടോസ്റ്റാറ്റ് കടലാസുകൾ പുസ്തകരൂപത്തിലാക്കിയതായിരുന്നു അത്. എസ്.സി.എം.സി. യിലെ മെമ്പർ അതെടുത്ത് നോക്കിയപ്പോൾ അതിലെ പോലീസ് സ്റ്റേഷൻ, കളക്ടറേറ്റ് എന്നിവയുടെ ഒക്കെ ഫോൺ നമ്പറുകൾ അഞ്ച് അക്കങ്ങൾ മാത്രമുള്ളതാണ്. അതായത് 1970-80 കളിലെ കുറച്ച് പേപ്പറുകൾ തട്ടിക്കൂട്ടി പ്ലാൻ ആണെന്ന് പറഞ്ഞു കൊടുത്തിരിക്കുകയാണ്. അത്രയും അശ്രദ്ധരായ ഇവർ കുഴിക്കണ്ടം തോട് വൃത്തിയാക്കും എന്നു പറയുന്നത് വിശ്വസിക്കാൻ പോലും പറ്റില്ല. 111 കെമിക്കൽസ് കുഴിക്കണ്ടം തോട്ടിൽ വളരെ വ്യക്തമായി കണ്ടെത്തിയിട്ടുണ്ട്.

*പൊതുമേഖലയിൽ ആയതുകൊണ്ടാണോ ?*

ഇതൊന്നും സംഭവിയ്ക്കുന്നത് പൊതുമേഖലയിൽ പ്രവർത്തിക്കുന്നതായതുകൊണ്ടൊന്നുമല്ല. പൊതു മേഖലയിൽ തന്നെ അത്ര നന്നായി പ്രവർത്തിക്കുന്ന ഫാക്ടറികൾ ഉണ്ട്. ഒരു അറിവും, ധാരണയും ഇല്ലാത്ത മാനേജ്മെന്റാണെന്നാണ് ഞാൻ പറയുന്നത്.

*തൊഴിലാളികൾ പ്രാദേശിക കമ്മറ്റികൾ, തൊഴിലാളി സംഘടനകൾ അവയ്ക്കൊക്കെ എന്തെങ്കിലും ചെയ്യാൻ പറ്റുമോ ?*

ഡി.ഡി.റ്റി. നല്ല പൊടിയാണെന്നു വിശ്വസിക്കുന്നവരാണ് എച്ച്.ഐ.എല്ലിലെ തൊഴിലാളികൾ. അവരുടെ വസ്ത്രം കുറച്ച് പണിയെടുത്താൽ മുഷിഞ്ഞു നാറും. അപ്പോൾ എൻഡോസൾഫാൻ കലങ്ങിവരുന്ന വെള്ളത്തിൽ മുക്കിയെടുത്ത് ഉണക്കിയാൽ അടുത്ത ദിവസം നല്ല സുഖമാണെന്നാണ് തൊഴിലാളികൾ പറയുന്നത്. അവർക്കും, അവരുടെ അടുത്ത തലമുറയ്ക്കും ഇതിന്റെ പാർശ്വഫലങ്ങൾ ഉണ്ടാകും എന്ന വസ്തുത നിലനിൽക്കേ, ശാസ്ത്രം മുഴുവൻ തെറ്റാണെന്നും, അവരുടെ അനുഭവം ശരിയാണെന്നും ആണ് അവരുടെ വാദം. ഡി.ഡി.റ്റി നിരോധിക്കുന്നതിനെക്കുറിച്ച് അന്താരാഷ്ട്ര തലത്തിൽ നടക്കുന്ന ചർച്ച

യിൽ ഡി.ഡി.റ്റി. വളരെ നല്ലതാണെന്നും, ഡി.ഡി.റ്റി കുന്നിന്റെ മുകളിലിരുന്നാണ് അവിടത്തെ തൊഴിലാളികൾ ചപ്പാത്തി കഴിയ്ക്കുന്നത് എന്ന് പറയുന്ന മാനേജ്മെന്റ്.

ഇപ്പോൾ ഇത് ഒരു നല്ല അവസരമാണ്, എടുത്ത് നന്നാവാൻ ശ്രമിയ്ക്കാം എന്ന് ഒരുപാട് തൊഴിലാളി യൂണിയനുകൾ മനസ്സിലാക്കി വരുന്നുണ്ട്. അവരുടെ മനോഭാവത്തിൽ കാര്യമായ മാറ്റം വന്നിട്ടുണ്ട്. പക്ഷേ മാനേജ്മെന്റ് ഇപ്പോഴും പിന്നിൽ നിൽക്കുകയാണ്. എസ്.സി.എം.സി., എൽ.എ.ഇ.സി. എന്നിവരൊക്കെ പറയുന്നു ഞങ്ങളുടെ ഫാക്ടറി പൂട്ടിയിടണം, ഉൽപ്പന്നം മാറ്റണം, പ്രവർത്തനരീതി മാറ്റണം എന്നൊക്കെ. അതിനുവേണ്ടി മൂന്നുമാസം സമയം എടുത്ത് ഞങ്ങൾ ഒരു ക്ലിയർ റോഡ് മേപ്പും പ്ലാനും ഉണ്ടാക്കുകയാണ്. അതിന് 15 കോടി രൂപ അധിക ചിലവുണ്ട്. ഈ തുക സോഫ്റ്റ് ലോണായി സ്റ്റേറ്റ് ഗവൺമെന്റിന് തരാൻ പറ്റുമോ എന്ന് മാനേജ്മെന്റും തൊഴിലാളികളും കൂടി ഒത്തൊരുമിച്ച് സമ്മർദ്ദം ചെലുത്താൻ പറ്റും. ഗവൺമെന്റിന് ധാരാളം സാധ്യതകൾ ഉണ്ട്. പകരം മുഖ്യമന്ത്രി എന്താണ് ചെയ്യുന്നത്. സമയം നീട്ടി ചോദിക്കും. എന്നിട്ട് പൂട്ടിയിടുമ്പോൾ കുറെ ബഹളം ഉണ്ടാക്കും. അതിനു പകരം ഈ ഫാക്ടറിയെ എന്ത് ടെക്നോളജി ഉപയോഗിച്ച്, ഒരു ക്ലീൻ ഇൻഡസ്ട്രി ആക്കാൻ പറ്റും എന്നാണ് ആലോചിക്കേണ്ടത്.

*തൊഴിലാളികളുടെ ഭാഗം ?*

ചന്ദ്രൻപിള്ള തൊഴിലാളി നേതാവായി വളർന്ന് എം.പി. യായി വന്നത് ഫാക്ടിൽ നിന്നാണ്. 30 വർഷമായി അദ്ദേഹത്തിന്റെ ജീവചരിത്രം മാത്രം എടുത്ത് നോക്കിയാൽ തന്നെ ഒരിക്കൽ പോലും, മാനേജ്മെന്റ് പുഴയോടോ തൊഴിലാളികളോടോ നാട്ടുകാരോടോ പ്രകൃതിയോടോ കാണിച്ചിട്ടുള്ള അതിക്രമങ്ങളോട് പി.സി.ബി. കേസ് കൊടുത്തിട്ടുള്ളതിനോടോ പ്രതികരിച്ചിട്ടില്ലല്ലോ. ഏറെ അതിക്രമം കാണിക്കുന്നത് എൽ.എ.ഇ.സി. ആണ്. അവർ എത്ര ഫാക്ടറികൾ പൂട്ടാൻ പറഞ്ഞു. നൂറ്റിചില്ലാനം ഫാക്ടറികൾ അവർ വിലയിരുത്തിയിട്ടുണ്ട്. എത്ര എണ്ണത്തിന് തിരുത്താനുള്ള ഉപദേശം കൊടുത്തു. മാത്രവുമല്ല എസ്.സി.എം.സി. എൽ.എ.ഇ.സി. യ്ക്ക് ഉത്തരവാദിത്വം കൊടുത്തിരിക്കുന്നത് 6 മാസം കൊണ്ട് ഈ പ്രദേശത്തെ മലിന വിമുക്തമാക്കി, പെരിയാറിനെ വൃത്തിയാക്കി ഒഴുക്കാൻ സാധിക്കുന്നില്ല എങ്കിൽ ഞങ്ങൾ ഈ വ്യവസായ മേഖല അടച്ചു പൂട്ടാൻ നിർബന്ധിതരാകും എന്നാണ്. പിന്നീട് ഓരോ ഫാക്ടറികൾ അവർ ശരിയാണെന്ന് തെളിയിച്ചാൽ മാത്രം ഓരോന്നായി തുറക്കാൻ അനുവദിച്ചാൽ മതി എന്നുമാണ്. അതായത് എൽ.എ.ഇ.സി. യുടെ ഉത്തരവാദിത്തം ഈ വ്യവസായങ്ങളെ നല്ല രീതിയിൽ ഓടിയ്ക്കുക എന്നതാണ്. അത് 6 മാസം കൊണ്ട് ചെയ്തെടുക്കേണ്ട ഒരു പ്രവർത്തിയാണ്. അതിന് താങ്ങായി നിൽക്കേണ്ടതിന് പകരം ചന്ദ്രൻപിള്ളയും, ബാക്കി തൊഴിലാളി നേതാക്കളും എന്താണ് ചെയ്യുന്നത്. അത്തരം ഉത്തരവാദിത്തം ഉണ്ടായിരുന്നെങ്കിൽ അതിനെ പിന്താങ്ങി ഒരു റോൾ എടുക്കും. അത് ചെയ്യുന്നില്ലെങ്കിൽ എൽ.എ.ഇ.സി. ഒറ്റക്കാര്യം ചെയ്താൽ മതി. "ഞങ്ങൾ ശ്രമിച്ചിട്ടും ഈ യൂണിയൻ നേതാക്കന്മാരും, മാനേജ്മെന്റും അനുസരിക്കാൻ തയ്യാറാകുന്നില്ല. ഇനി വിധിയ്ക്കു വിട്ടാൽ മതി'' എന്നു പറഞ്ഞാൽ വിധി പൂട്ടാനാണ്. അതിൽനിന്നും രക്ഷപ്പെടുത്താനുള്ള പരിപാടിയാണ് അവർ നോക്കുന്നത്.

*ഇടതുപക്ഷ തൊഴിലാളി യൂണിയൻ പ്രതിനിധി ഏലൂർ പ്രശ്നം പറഞ്ഞത് മാർക്സ് എംഗൽസ് തുടങ്ങിയവരെ ഉദ്ധരിച്ചാണല്ലോ*

മാർക്സിന്റേയും എംഗൽസിന്റേയും ഗുണം എന്തെന്നാൽ അവർ ശരിയ്ക്കും ഫിലോസഫേഴ്സ് ആണ്. സോഷ്യൽ റിഫോർമേഴ്സിനേക്കാളും അതുൾക്കൊണ്ട ഫിലോസഫേഴ്സാണ്. എന്തിനെക്കുറിച്ചും അവരൊരു നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. ഉദാഹരണം പൊതുവെയുള്ള തത്വചിന്തകളെടുത്താൽ അതുപോലെ ഒരു ജീവിതചര്യ കെട്ടിപ്പടുക്കാൻ സാധിക്കും. ഗ്രാമം അടിസ്ഥാനമാക്കിയും, കൃഷി ആസ്വദമാക്കിയും ഒക്കെ നമുക്ക് ജീവിക്കാം. പക്ഷേ ഗാന്ധിജിയുടെ എന്തെങ്കിലും ഒരു ചിന്തയെടുത്ത് എനിക്ക് ഒരാവശ്യമുള്ള സമയത്ത് ആ ചിന്തയുടെ പിൻബലത്തിൽ അതുപയോഗിച്ച് അദ്ദേഹം ഇങ്ങനെ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഞങ്ങൾ അത് ചെയ്യുന്നു എന്ന് പറയുന്ന ഒരു കാര്യം ഒരു അവസരവാദമാണ്. ഈ പറഞ്ഞ പ്രസ്താവനയും അതുപോലെ എക്കാലവും അവർ കാണിച്ചിട്ടുള്ള ഒരു അവസരവാദത്തിന്റെ ഭാഗമാണ്. കാരണം അവരവരുടെ ഫാദർ ഫിലോസഫേഴ്സിന്റെ തത്വങ്ങൾ പോലും അവസരവാദത്തിന് വേണ്ടി മാത്രമേ ഉപയോഗിച്ചിട്ടുള്ളു എന്നു മാത്രമേ പ്രതികരണമായി പറയാനുള്ളൂ. മലിനീകരണത്തെക്കുറിച്ച് പറയുമ്പോൾ എംഗൽസും മാർക്സും മലിനീകരണത്തെക്കുറിച്ച് ഇങ്ങനെ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഞങ്ങൾക്കാണ് അതിനുള്ള അവകാശം. നിങ്ങൾക്കവകാശമില്ല എന്ന് പറയുന്നതെന്തുകൊണ്ട്?

പുരുഷനോ, സാധാരണ നാട്ടുകാർക്കോ ഒന്നും അവകാശമില്ല. അവർ എംഗൽസിന്റെയോ, മാർക്സിന്റെയോ പിൻഗാമികളല്ലല്ലോ. ഒരു നേതാവ് പറഞ്ഞത് വളരെ റിയലിസ്റ്റിക്കായ അവസരവാദമായി തോന്നി. അയാൾ പറഞ്ഞത് നമ്മളെപ്പോലത്തെ ആളുകൾ കഴിഞ്ഞ 10 വർഷമായി പരിസ്ഥിതിയെക്കുറിച്ച് സംസാരിച്ചിരുന്നെങ്കിൽ, ആ പ്രശ്നങ്ങൾ നമ്മൾതന്നെ കൈകാര്യം ചെയ്തിരുന്നുവെങ്കിൽ പുരുഷനെപ്പോലെ നേതാക്കന്മാരുണ്ടാവുമായിരുന്നില്ല. അത് റിയലിസ്റ്റിക് ആയ അവസരവാദമാണ്. ശരിയാണ്. ഉണ്ടാവില്ലായിരുന്നു.

(തുടരും)

## ഒടുവിൽ കിട്ടിയത്

**അതിരപ്പിള്ളി പദ്ധതിക്ക് അനുമതി ലഭിച്ചു**
(മലയാള മനോരമ 2005 ഫെബ്രുവരി 24)

**ആണവ നിലയങ്ങൾ അപകടത്തിൽ, വികിരണം മാരകമായ നിലയിൽ!**
(കൂടുതൽ വിവരങ്ങൾക്ക് vtpadma@yahoo.com)

**കേരളത്തിലെ വനമേഖലകളിൽ ഖനനം**

*അപകടകരമായ മാലിന്യങ്ങൾ പ്രത്യേക പതിപ്പായി ഈ ലക്കം ഇറക്കുന്നതിനാൽ സാധാരണ മാറ്ററുകൾ പലതും ചേർക്കാനായിട്ടില്ല. -പത്രാധിപർ*